(ഡി) വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ പന്ത്രണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്.

1. ശ്രീ. എ. എം. ബാബു, ഫോറസ്റ്റ് റെയിഞ്ചർ, ഡി. എഫ്. ഒ. പാലക്കാട്.
2. ശ്രീ. എ. എം. ഷുക്കൂർ, ഫ്ളൈയിംഗ് സ്കാഡ് ഡി. എഫ്. ഒ. പാലക്കാട്.
3. ശ്രീ. കെ. എ. അബ്ദുൾ റഹ്മാൻ, റെയ്ഞ്ച് ആഫീസർ, ഒലവക്കോട്.
4. ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്.
5. ശ്രീ. എൻ. ആർ. റാംമോഹൻ, റെയ്ഞ്ച് ഓഫീസർ, വാളയാർ.
6. ശ്രീ. സി. ടി. വേണു, മുൻ റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്
7. ശ്രീ. എം. അബ്ദുൾ സലാം, മുൻ റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്.
8. ശ്രീ. പി. വി. മാധവൻ, സെക്ഷൻ ഫോറസ്റ്റർ, ഒലവക്കോട് ടൗൺ.
9. ശ്രീ. പി. എം. വേലായുധൻ, സെക്ഷൻ ഫോറസ്റ്റർ.
10. ശ്രീ. പി. കെ. നിജി, ഫോറസ്റ്റ് ഗാർഡ്.
11. ശ്രീ. പി. ജയപ്രകാശ്, റെയ്ഞ്ച് ഓഫീസർ, ഫ്ളൈയിംഗ് സ്കാഡ്.
12. ശ്രീ. കെ. സുരേന്ദ്രനാഥ്, റെയ്ഞ്ച് ഓഫീസർ, ഫ്ളൈയിംഗ് സ്കാഡ്.

ഇവരിൽ ആരെയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചില്ല.

(എഫ്) കേസന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

വനോല്പന്നങ്ങൾ മോഷണംപോയത് സംബന്ധിച്ച കേസന്വേഷണം

118 (1917) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒലവക്കോട് ഫോറസ്റ്റ് സ്ട്രോംഗ്റൂമിൽ നിന്ന് ചന്ദനവും ചന്ദനതൈലവും ആനക്കൊമ്പും മറ്റും മോഷണം പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്നാണ് മോഷണം പോയതെന്ന് പറയാമോ ; എത്ര കോടിയുടെ വസ്തുക്കളാണ് ഇതിനാൽ മോഷ്ടിക്കപ്പെട്ടത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മോഷണം സംബന്ധിച്ച കേസിന്റെ അന്വേഷണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; ഈ കേസന്വേഷണം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണ ഏജൻസിയുടെ പ്രവർത്തനത്തിൽ ഉദ്ദേശിച്ച പുരോഗതിയുണ്ടോ ; ഈ അന്വേഷണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മോഷണക്കേസുകളിൽ പിടിച്ച തൊണ്ടി സാധനങ്ങൾ മോഷണം പോകുന്നത് മോഷണ കേസുകളുടെ നിയമനടപടികളെ ബാധിക്കുമോ ; എങ്കിൽ ഈ കേസ് പ്രകാരം പിടിക്കപ്പെട്ട പ്രതികൾ രക്ഷപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ എന്നാണ് മോഷണം പോയതെന്ന് കൃത്യമായ തീയതി വ്യക്തമല്ല. എന്നാൽ ഇവ മോഷണം പോയതായി ശ്രദ്ധയിൽപ്പെട്ടത് 12-9-2002-ലാണ്. മഹസ്സർ പ്രകാരം 29,29,190 രൂപയുടെ വസ്തുക്കളാണ് മോഷ്ടിക്കപ്പെട്ടത്. 1,33,720 രൂപ വിലയുള്ള 55.614 കിലോഗ്രാം ആനക്കൊമ്പും 331900 രൂപ വിലയുള്ള 1446.525 കി.ഗ്രാം ചന്ദനത്തടിയും 2463570 രൂപ വിലയുള്ള 499.765 കി. ഗ്രാം ചന്ദനതൈലവുമാണ് മോഷണം പോയിട്ടുള്ളത്.

(ബി&സി) പോലീസ് ക്രൈംബ്രാഞ്ച് വിഭാഗത്തിനാണ് അന്വേഷണ ചുമതല നൽകിയിട്ടുള്ളത്. പാലക്കാട് ക്രൈംബ്രാഞ്ച് പോലീസ് ക്രൈം നമ്പർ 431/02-ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. എന്നാൽ ക്രൈംബ്രാഞ്ചിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ കേസന്വേഷണം സി. ബി. ഐ.-യ്ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്.

(ഡി) സാധാരണഗതിയിൽ മോഷണക്കേസിൽ പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ മോഷണം പോകുന്നത് പ്രസ്തുത കേസുകളുടെ നിയമ നടപടിയെ ബാധിക്കാറില്ല. ഇത്തരം കേസുകളിൽ പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ കോടതിയിൽ ഹാജരാക്കി കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം ബന്ധപ്പെട്ട റെയിഞ്ച് ആഫീസറുടെ കസ്റ്റഡിയിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇത്തരം തൊണ്ടി സാധനങ്ങളുടെ സാമ്പിൾ കോടതിയിൽ സൂക്ഷിക്കുകയും ഫോറൻസിക്/ രാസ പരിശോധനകൾക്കായി അയയ്ക്കാറുമുണ്ട്.

സ്വകാര്യമേഖലയിലെ ചന്ദന ഫാക്ടറികൾ

119 (1918) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) സ്വകാര്യമേഖലയിൽ ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നതുമൂലം സംസ്ഥാനത്ത് ചന്ദനക്കള്ളക്കടത്ത് വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ചന്ദന ഫാക്ടറികൾ സർക്കാർ ഏറ്റെടുത്തു നടത്തുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly